## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 20 — 26.09.2016ൽ മറുപടിയ്ക്ക്

## ഡൽഹിയിലെ ഓണാഘോഷം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ.എസ്. ശബരീനാഥൻ | | ശ്രീ. പിണറായി വിജയൻ (ബഹു. മുഖ്യമന്ത്രി) | |
| (എ) | കേരള സർക്കാരിന്റെ നേതൃത്വത്തിൽ ഡൽഹിയിൽ ഓണാഘോഷം നടത്തുകയു ണ്ടായോ; വിശദമാ ക്കുമോ; | (എ) | ഉണ്ട്<br>കേരള സർക്കാരിന്റെയും രാഷ്ട്രപതി ഭവന്റെയും സംയുക്താഭിമുഖ്യത്തിൽ 2016 സെപ്റ്റംബർ മാസം മൂന്നാം തീയതിയിൽ രാഷ്ട്രപതി ഭവനിൽ വച്ച് ഓണാ ഘോഷം നടത്തിയിട്ടുണ്ട്. ഇദംപ്രഥമമായി രാഷ്ട്രപതി ഭവനിൽ വച്ച് കേരളസർക്കാർ നടത്തിയ പരിപാടിയാണി ത്. ഇതിനു മുമ്പ് ഇന്ത്യയിലെ മറ്റൊരു സംസ്ഥാനം മാത്രമേ രാഷ്ട്രപതി ഭവനിൽ വച്ച് ഇത്തരത്തിൽ പരിപാടി നടത്തിയിട്ടു ള്ളൂ. സംസ്ഥാനത്തിന്റെ യശസ്സ് ദേശീയതല ത്തിൽ ഉയർത്താൻ ഈ പരിപാടി ഉപക രിച്ചി ട്ടുണ്ട്.<br>പതിവായി നടത്താറുള്ളതുപോലെ കേരള ഹൗസിലും സെപ്റ്റംബർ മാസം 13, 14, 15 തീയതികളിൽ ഓണാഘോഷം നട ത്തിയിരുന്നു. |
| (ബി) | ആരെല്ലാമാണ് ഈ ആഘോഷത്തിൽ പങ്കെടുത്തതെന്നും; എന്തെല്ലാം നേട്ടങ്ങളാണ് ഇതുമൂലം സംസ്ഥാന ത്തിന് ഉ ണ്ടായതെന്നും ആയതിന് എന്തു തുക ചെലവായി എന്നും വിശദീകരി ക്കുമോ? | (ബി) | രാഷ്ട്രപതി, ഉപരാഷ്ട്രപതി, കേരള ഗവർണ്ണർ, മുഖ്യമന്ത്രി, കേരള ഹൈക്കോ ടതി ആക്റ്റിംഗ് ചീഫ് ജസ്റ്റിസ്, കേരള ത്തിലെ മന്ത്രിമാർ, പാർലമെന്റ് അംഗങ്ങൾ, ഉന്നത ഉദ്യോഗസ്ഥർ, സാമൂഹിക- സാംസ്കാരിക- വ്യവസായ- മാധ്യമ രംഗ ങ്ങളിലെ പ്രമുഖർ തുടങ്ങിയവർ ഈ പരിപാടിയിൽ പങ്കെടുത്തു. ഈ പരിപാ ടിക്ക് 73,774/- രൂപ ചെലവായി.<br>കേരള സർക്കാരിന്റെ ആതിഥ്യമ ര്യാദയും കേരളത്തിന്റെ കലാ-സാംസ്കാ രിക പൈതൃകവും രാജ്യതലസ്ഥാനത്ത് പ്രദർശിപ്പിക്കുന്നതിനും ദേശീയ ശ്രദ്ധ പിടി ച്ചുപറ്റുന്നതിനും കേരളത്തിന്റെ വിനോദസ ഞ്ചാര മേഖലയെ അടയാളപ്പെടു ത്തുന്നതിനും രാഷ്ട്രപതി ഭവനിലെ ഓണാ |

| | | | |
|---|---|---|---|
| | | | ഘോഷ പരിപാടി സഹായിച്ചു.<br>കേരള ഹൗസിൽ സർക്കാരിന്റെ ആഭിമുഖ്യത്തിൽ നടത്തിയ ഓണാഘോഷ പരിപാടികളിൽ വിവിധ കേന്ദ്ര മന്ത്രാലയങ്ങളിലെയും കേന്ദ്ര സർക്കാർ ഓഫീസുകളിലെയും ക്ഷണിതാക്കൾ പങ്കെടുത്തു. പ്രസ്തുത ഓണാഘോഷത്തിനായി 6,79,112/- രൂപ ചെലവായിട്ടുണ്ട്<br>കേരളത്തിന്റെ തനതായ ആഘോഷങ്ങളും കലകളും ഡൽഹിയിലെ കേന്ദ്ര മന്ത്രാലയങ്ങളിലെയും കേന്ദ്രസർക്കാർ ഓഫീസുകളിലെയും പ്രത്യേക ക്ഷണിതാക്കൾക്ക് മുന്നിൽ അവതരിപ്പിക്കുന്നതിനും, അതുവഴി ഈ ഉദ്യോഗസ്ഥരും കേരള സർക്കാരുമായുള്ള ബന്ധം മെച്ചപ്പെടുത്തുന്നതിനും ഡൽഹിയിലെ ആയിരക്കണക്കിന് മലയാളികൾക്ക് കേരളത്തനിമ വിളിച്ചോതുന്ന ഓണാഘോഷ പരിപാടികളിൽ പങ്കെടുക്കുന്നതിനും കേരള ഹൗസിലെ ഓണാഘോഷം അവസരമൊരുക്കി. |

**സെക്ഷൻ ഓഫീസർ**